**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2168** **11-10-2021 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് ജന്റർപാർക്ക് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജന്റർപാർക്ക് വഴി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | ലിംഗ സമത്വത്തിനും സ്ത്രീ ശാക്തീകരണത്തിനും വേണ്ടി വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള ഒരു സർക്കാർ സംരംഭമാണ് ജെന്റർ പാർക്ക്. ജെന്റർ പാർക്കിൽ നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. ഷീ ടാക്സി (ഓഫ് കാമ്പസ് പദ്ധതി) 2. ഹെറിറ്റേജ് മ്യൂസിയം (രണ്ടാം ഘട്ടം) 3. ജെന്റർ ലൈബ്രറി (രണ്ടാം ഘട്ടം) ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി സർക്കാർ അനുമതി നൽകുകയും അവ പ്രാവർത്തികമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരികയുമാണ്. 1. ജെന്റർ ഡേറ്റാ ഹബ് - യു എൻ വിമൺ സഹകരണത്തോടെ 2. ജെന്റർ സൗഹൃദ നഗരാസൂത്രണം 3. വിമെൻ ഇൻ സസ്റ്റൈനബിൾ എന്റർപ്രണർഷിപ്പ് (WiSE) 4. ട്രാൻസ്ജെന്റർ വിഭാഗത്തിന്റെ ശാക്തീകരണം - സംവാദവും ആക്ഷൻ പ്ലാനും 5. അന്താരാഷ്ട്ര വനിതാ വ്യാപാര കേന്ദ്രം (iWTC) 6. ബിസിനസ്സ് ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ കോഴ്സ് 7. ഷീ ഇ-ഓട്ടോ (ഓഫ് കാമ്പസ് പദ്ധതി) 8. ഇന്റഗ്രേഷൻ പദ്ധതി (ഓഫ് കാമ്പസ് പദ്ധതി) |
| (ബി) | കൂത്തുപറമ്പ് മണ്ഡലത്തിലെ കൂത്തുപറമ്പിൽ ജന്റർപാർക്ക് നിർമ്മാണത്തിനുവേണ്ടി സ്വീകരിച്ച നടപടിയും പുരോഗതിയും വിശദീകരിക്കാമോ; | (ബി) | നിലവിൽ കൂത്തുപറമ്പിൽ ജെന്റർ പാർക്ക് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നില്ല. |
| (സി) | ജന്റർപാർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ